LIBRARY ARCHIVES Kerala Legislative Assembly

നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ

126 (5475) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കഴിഞ്ഞ 5 വർഷത്തെ നെല്ലുല്പാദനം എത്രയാണ് ; വർഷം, ജില്ല, കൃഷിചെയ്യുന്ന വിസ്തീർണ്ണം എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ബി) ഈ സർക്കാർ കാലയളവിൽ നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമൂലം ഉല്പാദനത്തിലും കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ സബ്സിഡി അടക്കമുള്ള എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് ആരംഭിച്ചിട്ടുള്ളത് ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(ഇ) കഴിഞ്ഞ 5 വർഷം ഇപ്രകാരം വിതരണം ചെയ്തിട്ടുള്ള ധനസഹായത്തിന്റെ വിശദാംശങ്ങൾ വർഷവും ജില്ലയും തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(ബി) ഈ സർക്കാർ കാലയളവിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിരുന്നത് :

- സംസ്ഥാന ഭക്ഷ്യ സുരക്ഷാപദ്ധതി
- മാക്രോമാനേജ്മെന്റ് പ്രകാരമുള്ള നെൽകൃഷി വികസന പദ്ധതി
- രാഷ്ട്രീയകൃഷി വികാസ് യോജന പദ്ധതി
- രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി
- നെല്ല സംഭരണം
- ചെറുകിട യന്ത്രവൽക്കരണത്തിനുള്ള പദ്ധതി

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

- നെൽകൃഷിക്കുള്ള ഉൽപ്പാദന ബോണസ്
- കാർഷിക വൈദ്യുതി സൗജന്യ പദ്ധതി, ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി
- കരനെൽകൃഷി
- വനിതാ ഗ്രൂപ്പുകൾക്കുള്ള തരിശുനിലകൃഷി
- പൊതു ഞാറ്റടി വടക്കാഞ്ചേരി മോഡൽ
- സുഗന്ധ നെല്ലിന വികസന പദ്ധതി
- കാർഷിക യന്ത്രവൽക്കരണം
- സുസ്ഥിര നെൽകൃഷി വികസന പദ്ധതി
- തരിശു നിലകൃഷി, നെൽകൃഷിക്ക് ശേഷമുള്ള മറ്റു കൃഷികളിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി
- മാക്രോമാനേജ്മെന്റ് പദ്ധതി പ്രകാരം ഒറ്റഞാർ കൃഷി ഡെമോൺസ്ട്രേഷൻ
- ഉല്പാദന ഉപാധികളായ വിത്ത്, കുമ്മായം, മൈക്രോ ന്യൂട്രിയന്റ് ഫെർട്ടിലൈസർ, സസ്യ സംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണം.
- നൂതന നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മിനികിറ്റ് വിതരണവും കർഷകരുടെ കൃഷി വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫാം ഫീൽഡ് സ്കൂളുകളും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ
- കർഷകർക്ക് പൂരക വരുമാന സ്രോതസ്സുകൾ പ്രോത്സാഹിപ്പിക്കുവാൻ സഹായം നൽകുന്ന പദ്ധതി
- നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായം
- ആർ.കെ.വി.വൈ. പൊക്കാളി നെൽകൃഷി വികസനം
- പ്രത്യേക നെല്ലിനങ്ങൾക്കുള്ള കൃഷി വികസനം
- പാടശേഖര സമിതികൾക്കുള്ള പ്രവർത്തനസഹായവും അടിസ്ഥാന സൗകര്യ വികസനവും

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടായിട്ടുണ്ട്. നെൽകൃഷിയുടെ വിസ്തീർണ്ണം 2012-13-ൽ 197277 ഹെക്ടർ ആയിരുന്നത് 2013-14-ൽ 199611 ആയി വർദ്ധിക്കുകയുണ്ടായി. 2014-15-ൽ ഇത് 204000 ഹെക്ടറാണ് എന്നതാണ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ എസ്റ്റിമേറ്റഡ് റിപ്പോർട്ട്. നെൽകൃഷിയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2012-13-ൽ ഉല്പാദനം 508299 മെ. ടൺ ആയിരുന്നത് 2013-14 വർഷം 564325 മെ. ടൺ ആയി വർദ്ധിക്കുകയുണ്ടായി. മുൻ വർഷത്തേക്കാൾ 56026 മെ. ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

(ഡി) നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പ് 2015-16 വർഷത്തേക്കായി ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുനടപ്പിലാക്കി വരുന്നു.

1. <u>സമഗ്രനെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം)</u> :

ഈ പദ്ധതി പ്രകാരം ഹെക്ടറിന് 1500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടറിലേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

2. <u>നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായം</u> :

നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായത്തിനായി 150 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കുന്നു.

3. <u>പ്രത്യേക നെല്ലിനങ്ങളുടെ വികസനം</u> :

പ്രത്യേക നെല്ലിനങ്ങളുടെ വികസനത്തിനായി 1000 ഹെക്ടറിന് 100 ലക്ഷം രൂപ വകയിരുത്തി 6 ജില്ലകളിലായി പൊക്കാളി, ഞവര, ബസുമതി, ജീരകശാല, ഗന്ധകശാല എന്നീ നെല്ലിനങ്ങൾ കൃഷി ചെയ്തുവരുന്നു.

4. <u>പാടശേഖര സമിതികൾക്കുള്ള പ്രവർത്തന ചെലവ്</u> :

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 200 രൂപ നിരക്കിൽ 332 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

(ഇ) അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly